## ബി.പി.എൽ കാർഡ് അർഹതപ്പെട്ടവർക്കെല്ലാം നൽകാൻ സംവിധാനമൊരുക്കും – മുഖ്യമന്ത്രി

കേരളത്തിലെ അർഹതപ്പെട്ട എല്ലാവർക്കും ബി.പി.എൽ റേഷൻ കാർഡ് നൽകണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നതെന്നും 14 ജില്ലകളിലെയും ജനസമ്പർക്ക പരിപാടി കഴിഞ്ഞയുടൻ ഇതിനായി സംവിധാനമൊരുക്കുമെന്നും മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. മലപ്പുറം എം.എസ്.പി. ഗ്രൗണ്ടിൽ ജനസമ്പർക്ക പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജന സമ്പർക്ക പരിപാടിയിൽ ധനസഹായമനുവദിക്കുന്നത് ചട്ടങ്ങൾ പാലിച്ചിട്ടല്ലെന്ന് ധനകാര്യ വകുപ്പ് ചൂണ്ടികാട്ടിയത് അവഗണിക്കുന്നില്ലെന്നും അടുത്ത ബുധനാഴ്ച ചേരുന്ന മന്ത്രിസഭ യോഗത്തിൽ ഇത് ചർച്ച ചെയ്യുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ജനസമ്പർക്ക പരിപാടിയിൽ എത്തുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ചികിത്സാ ധനസഹായം നൽകുന്നത് ചട്ടം ലംഘിച്ചിട്ടല്ല. ചികിത്സാ ധനസഹായത്തിനായി കേന്ദ്രസർക്കാർ അനുവദിച്ച തുക നേരത്തെ ചെലവഴിച്ചു കഴിഞ്ഞു. അർഹതപ്പെട്ടവർ മുന്നിലെത്തുമ്പോൾ സാങ്കേതികത്വം പറഞ്ഞ് ഒഴിവാക്കാൻ മന:സാക്ഷി അനുവദിക്കുന്നില്ല. അതിനാലാണ് ധനസഹായം അനുവദിക്കുന്നത്.

സർക്കാറും ജനങ്ങളും തമ്മിലുള്ള അകൽച്ച പൂർണമായി ഇല്ലാതാക്കുകയെന്നതാണ് ജനസമ്പർക്ക പരിപാടിയുടെ ലക്ഷ്യം. ജനപ്രതിനിധികൾ, പൊതുജനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ്മയാണ് ജനസമ്പർക്ക പരിപാടിയുടെ ശക്തി. ഈ കൂട്ടായ്മ നാടിന്റെ വികസനം ത്വരിതപ്പെടുത്തുന്നതിന് സഹായിക്കും. നിലവിലുള്ള ഭരണ സംവിധാനത്തിന്റെ പരാജയമാണ് ജനസമ്പർക്ക പരിപാടിയിലെ ജനക്കൂട്ടമെന്ന വിമർശനം ശരിയായ രീതിയിൽ ഉൾക്കൊള്ളുന്നുവെന്ന് മുഖ്യമന്ത്രി പറഞ്ഞു. നിലവിലുള്ള സംവിധാനത്തിൽ പോരായ്മകളുണ്ടെന്ന് സമ്മതിക്കുന്നുവെന്നും ജനസമ്പർക്ക പരിപാടിയിൽ കിട്ടുന്ന പരാതികളും അനുഭവങ്ങളും മാറ്റങ്ങൾ വരുത്താൻ സഹായിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. എല്ലാവരെയും വിശ്വാസത്തിലെടുത്ത് ഒരു പൊളിച്ചെഴുത്ത് ആവശ്യമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

വ്യവസായ മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി അധ്യക്ഷനായിരുന്നു. മന്ത്രിമാരായ ആര്യാടൻ മുഹമ്മദ്, എ.പി. അനിൽകുമാർ എന്നിവർ സംസാരിച്ചു.

എം.എൽ.എ മാരായ പി. ഉബൈദുള്ള, കെ.എൻ.എ. ഖാദർ, സി. മമ്മൂട്ടി, കെ.റ്റി. ജലീൽ, പി. ശ്രീരാമകൃഷ്ണൻ, എം.പി. അബ്ദുസമദ് സമദാനി, മഞ്ഞളാംകുഴി അലി, അഡ്വ. എം. ഉമ്മർ, പി.കെ. ബഷീർ എന്നിവർ സന്നിഹിത രായിരുന്നു. ജില്ലാ കലക്ടർ എം.സി. മോഹൻദാസ് സ്വാഗതവും എ.ഡി.എം എൻ.കെ. ആന്റണി നന്ദിയും പറഞ്ഞു.

## ജനസമ്പർക്ക പരിപാടി: എം.എസ്.പി ഗ്രൗണ്ടിൽ 33 കൗണ്ടറുകൾ

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികളുടെ പരിഹാരത്തിനായി എം.എസ്.പി ഗ്രൗണ്ടിൽ 33 കൗണ്ടറുകൾ പ്രവർത്തനം തുട ങ്ങി.

ഗവ. സെക്രട്ടറിയേറ്റ്, കലക്ടറേറ്റ്, പെരിന്തൽമണ്ണ സബ് കലക്ടർ, തിരൂർ ആർ.ഡി.ഒ, ഏറനാട് – നിലമ്പൂർ – പെരിന്തൽമണ്ണ – തിരൂർ – തിരൂര ങ്ങാടി – പൊന്നാനി താലൂക്ക് ഓഫീസ്, മഞ്ചേരി – തിരൂർ ലാൻഡ് ട്രിബ്യൂണൽ, സിവിൽ സപ്ലൈസ്, എംപ്ലോയ്മെന്റ് – പി.എസ്.സി, കെ.എസ്.ഇ.ബി, പഞ്ചായ ത്ത്, പൊതുമരാമത്ത്, ആരോഗ്യം, ആർ.റ്റി.ഒ – കെ.എസ്.ആർ.റ്റി.സി, വിദ്യാഭ്യാ സം – കാലിക്കറ്റ് യൂനിവേസിറ്റി, സാമൂഹിക ക്ഷേമം, ജലസേചനം – വാട്ടർ അതോറിറ്റി – ഭൂജലം – മണ്ണ് സംരക്ഷണം, സഹകരണം – കുടുംബശ്രീ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, ഹൗസിങ് ബോർഡ് – മലിനീകരണ നിയന്ത്രണ ബോർഡ് – ദേവസ്വം ബോർഡ്, നഗരസഭകൾ, പട്ടികജാതി വികസനം – ഐ.റ്റി.ഡി.പി – ദേശീയ സമ്പാദ്യ പദ്ധതി, കൃഷി – മൃഗസംരക്ഷണം – ക്ഷീര വികസനം – ഫിഷറീസ് – മത്സ്യഫെഡ്, ഗ്രാമ വികസനം – ജില്ലാ പഞ്ചായത്ത് – സർവെ – പ്ലാനിങ്, വനം – എക്സൈസ് – സൈനിക ക്ഷേമം, രജിസ്ട്രേഷൻ – സ്പോർട്സ് – ഡി.റ്റി.പി.സി, വ്യവസായം – വാണിജ്യ നികുതി – തൊഴിൽ – ക്ഷേമനിധി ബോർഡുകൾ, ലീഡ് ബാങ്ക് – ഗ്രാമീൺ ബാങ്ക്, പ്രവാസി കാര്യം എന്നിങ്ങനെ വിവിധ വകുപ്പുകൾക്കായി 33 കൗണ്ടറുകളാണ് എം.എസ്.പി ഗ്രൗണ്ടിൽ സജ്ജമാക്കിയിട്ടുള്ളത്.